(ഡി) ഈ തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കുന്നവരെ പിരിച്ചുവിട്ട് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡിപ്പോ വാച്ചർ വിഭാഗത്തിൽ 15 പേരും റിസർവ്വ് വാച്ചർ വിഭാഗത്തിൽ 18 പേരും. ഇതിൽ 18 പേർ സംവരണവിഭാഗത്തിലും 15 പേർ ഓപ്പൺ മെരിറ്റ് വിഭാഗത്തിലുമാണ്. സംവരണ വിഭാഗത്തിൽ നിയമിച്ചവരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

	ഡിപ്പോ വാച്ചർ	റിസർവ് വാച്ചർ
മുസ്ലീം ..	3	2
ഈഴവ ..	2	2
എസ്. സി. ..	1	1
മറ്റു ക്രൈസ്തവാനികൾ ..	1	1
ഒ.ബി.സി. ..	1	1
ധീവര ..	1	..
എസ്. റ്റി. ..	..	1
നാടാർ ..	..	1
ആകെ ..	9	9

(ബി) ഒന്നുമില്ല.

(സി) ഇപ്പോൾ രണ്ട് ഡിപ്പോ വാച്ചർ തസ്തികകൾ ഒഴിവുണ്ട്. അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) താൽക്കാലിക അടിസ്ഥാനത്തിൽ ആരും ജോലി നോക്കുന്നില്ല.

ശബരിമല വികസനത്തിനുള്ള വനഭൂമി

116 [2989] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വികസനത്തിനായി വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭൂമി ദേവസ്വം വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമിയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വനഭൂമി വിട്ടുകൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) വനഭൂമി നൽകുന്നതിന് കേന്ദ്ര പരിസ്ഥിതി വകുപ്പ് ഉന്നയിക്കുന്ന ഉപാധികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശബരിമല വികസനത്തിനായി വനഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദിഷ്ട അപേക്ഷ ദേവസ്വം വകുപ്പിൽനിന്നും വനം വകുപ്പിന് ലഭിച്ചിട്ടില്ല.

(ബി ആന്റ് സി) 'എ'-യുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

(ഡി) വനേതര ആവശ്യങ്ങൾക്ക് കൈമാറുന്ന ഭൂമിക്ക് തുല്യമായ വനേതര ഭൂമി, പരിഹാര വനവൽക്കരണത്തിനായി ബന്ധപ്പെട്ട ഏജൻസി വനം വകുപ്പിന് കൈമാറണം, ഈ സ്ഥലത്ത് വനവൽക്കരണത്തിനുള്ള ചെലവ് യൂസർ ഏജൻസി വഹിക്കണം, വനേതര ഭൂമി പരിഹാരവന വൽക്കരണത്തിന് ലഭ്യമല്ലായെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നപക്ഷം ഇരട്ടി അളവിലുള്ള ശോഷിച്ച വനപ്രദേശത്ത് വനവൽക്കരണം നടത്തുവാനുള്ള ഫണ്ട് യൂസർ ഏജൻസി വനം വകുപ്പിന് കൈമാറണം. പരിഹാര വനവൽക്കരണത്തിനുള്ള പദ്ധതിയുടെ സമ്പൂർണ്ണ രൂപം, പ്രസ്തുത സ്ഥലത്തിന്റെ മാപ്പ്, പ്രധാന വിവരങ്ങൾ ഇവ പ്രൊഫോർമയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. ബന്ധപ്പെട്ട പ്രോജക്ടിനു വനഭൂമി അത്യന്താപേക്ഷിതമാണെന്നും ആയതിലേക്ക് വേണ്ടിവരുന്ന ഏറ്റവും കുറഞ്ഞ അളവിലുള്ള വനഭൂമി മാത്രമേ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നും വനഭൂമി ഉപയോഗിക്കുമ്പോൾ മുറിച്ചു മാറ്റപ്പെടേണ്ട മരങ്ങൾ ഏറ്റവും കുറവായ പ്രൊപ്പോസലാണ് സമർപ്പിക്കുന്നതെന്നും 'യൂസർ ഏജൻസി'-യുടെ പ്രതിനിധിയും ബന്ധപ്പെട്ട വനം വകുപ്പു ദ്യോഗസ്ഥനും സാക്ഷ്യപ്പെടുത്തേണ്ടതാണ്. കൂടാതെ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ള പദ്ധതികൾക്ക് വനഭൂമി കൈമാറുന്നതിനുമുമ്പ് കേന്ദ്ര ഗവൺമെന്റിൽനിന്നും പരിസ്ഥിതി സംബന്ധമായ അനുമതിയും ആവശ്യമാണ്. ഇതിലേക്കായി പാരിസ്ഥിതികാഘാത പഠനം നടത്തി ആവശ്യമായ സംരക്ഷണ നടപടികളും നടപ്പാക്കണം. കൂടാതെ ബഹു. സുപ്രിം കോടതി ഉത്തരവ് അനുസരിച്ച് കൈമാറുന്ന വനഭൂമിയുടെ നെറ്റ് പ്രസന്റ് വാല്യൂ (ഹെക്ടറിന് 5.8 ലക്ഷം മുതൽ 9.2 ലക്ഷം വരെ) നിശ്ചയിച്ച് യൂസർ ഏജൻസിയിൽനിന്നും ഈടാക്കി അത് കേന്ദ്ര ഫണ്ടിൽ നിക്ഷേപിക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly